# കേരള സർവകലാശാല

നം. പി.ആർ.110/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### എം.പി.ഇ, പി.ജി.ഡി.എച്ച്.എഫ്.എം പ്രവേശനം

കേരള സർവകലാശാല കാര്യവട്ടം ലക്ഷ്മിഭായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷനിലെ (എൽ.എൻ.സി.പി.ഇ) 2016-17 അധ്യയനവർഷത്തെ എം.പി.ഇ, പി.ജി.ഡി.എച്ച്.എഫ്.എം പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ കോളേജിൽ സമർപ്പിക്കേണ്ട അവസാന തീയതി ജൂൺ 30. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.എച്ച്.എം.എസ് ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ അവസാന വർഷ ബി.എച്ച്.എം.എസ് പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ അഞ്ച് വരെ അപേക്ഷിക്കാം.

### ഹെൽത്ത് ആൻഡ് സാനിട്ടേഷൻ കോഴ്സ്

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ഹെൽത്ത് ആൻഡ് സാനിട്ടേഷൻ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത: എസ്.എസ്.എൽ.സി ജയം. ഫീസ് 3000/- രൂപ. കാലാവധി മൂന്ന് മാസം. അവസാന തീയതി ജൂലൈ ആറ്. ഫോൺ. 0471-2302523.

### മനുഷ്യാവകാശങ്ങളും കടമകളും : സർട്ടിഫിക്കറ്റ് കോഴ്സ്

കേരള സർവകലാശാല കാര്യവട്ടം നിയമപഠനവകുപ്പ് യു.ജി.സി പദ്ധതിയനുസരിച്ച് നടത്തുന്ന മനുഷ്യാവകാശങ്ങളും കടമകളും എന്ന സൗജന്യ സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത: പ്ലസ് ടു അല്ലെങ്കിൽ തത്തുല്യം. താൽപര്യമുള്ളവർ വെള്ളക്കടലാസിൽ പേര്, മേൽവിലാസം, ഫോൺ നമ്പർ മുതലായ വിവരങ്ങളടങ്ങിയ അപേക്ഷാഫോമിനോടൊപ്പം തിരിച്ചറിൽ രേഖ, പ്ലസ് ടു സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പ് സഹിതം ജൂൺ 30-നകം അപേക്ഷിക്കണം. ഫോൺ. 0471-2308936.

### ലക്ചറർ ഒഴിവ്

കേരള സർവകലാശാല കാര്യാവട്ടം ഫിസിക്സ് പഠനവകുപ്പിൽ ലക്ചറർ തസ്തികയിലേക്ക് കരാറടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ജൂലൈ 22. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) **Job Notifications** എന്ന ലിങ്കിൽ ലഭിക്കും.

### വായനവാര സമാപന സമ്മേളനം

കേരള സർവകലാശാല ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ വായന വാരാഘോഷ പരിപാടികളുടെ സമാപന സമ്മേളനം ജൂൺ 25 ഉച്ചയ്ക്ക് 2.30-ന്

ലൈബ്രറി ഹാളിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. എം.ആർ തമ്പാൻ ഉദ്ഘാടനം ചെയ്യും. രജിസ്ട്രാർ ഡോ. എം. ജയപ്രകാശ് ആദ്ധ്യക്ഷം വഹിക്കുന്ന ചടങ്ങിൽ ഉപന്യാസ മത്സര വിജയികൾക്കുള്ള പുരസ്കാരവും വിവിധ പരീക്ഷകളിൽ മികച്ച വിജയം നേടിയ ലൈബ്രറി ജീവനക്കാരുടെ മക്കൾക്കുള്ള അവാർഡും, പി.എച്ച്.ഡി ബിരുദ ജേതാവിനുള്ള ഉപഹാരവും മലയാളം കമ്മ്യൂണിക്കേഷൻ ന്യൂസ് ഡയറക്ടർ ശ്രീ. എൻ.പി ചന്ദ്രശേഖരൻ സമ്മാനിക്കും. ഡോ. എ.എം ഉണ്ണികൃഷ്ണൻ ആശംസകൾ അർപ്പിക്കും.

**ബി.കോം പരീക്ഷാകേന്ദ്രങ്ങളിൽ മാറ്റം**

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ജൂൺ 27-ന് തുടങ്ങുന്ന ഒന്നാം വർഷ ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (ത്രീമെയിൻ) സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് വിദ്യാർത്ഥികളിൽ ഫാത്തിമ മാത നാഷണൽ കോളേജ് പരീക്ഷാകേന്ദ്രമായി ആവശ്യപ്പെട്ടവർ കൊട്ടിയം ഡോൺ ബോസ്കോ കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം. മറ്റ് പരീക്ഷാകേന്ദ്രങ്ങൾക്ക് മാറ്റമില്ല.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
24.06.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098